# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **895** **09/8/2017** -ലെ മറുപടി

# വാട്ടർ അതോറിറ്റിയെ ലാഭകരമാക്കാൻ കർമ്മ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര<br>ശ്രീ. അനൂപ് ജേക്കബ്ബ്<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. റോജി എം.ജോൺ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വെള്ളക്കരം വർദ്ധിപ്പിക്കാതെ വാട്ടർ അതോറിറ്റിയെ ഈ സർക്കാരിന്റെ കാലത്ത് ലാഭകരമാക്കി പ്രവർത്തിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 5 വർഷം കൊണ്ട് വെള്ളക്കരം വർദ്ധിപ്പിക്കാതെ വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കുമെന്ന് 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) ഇതിനുവേണ്ടി എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദീകരിക്കുമോ; | (ബി) കേരള വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിതള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ ജല വിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റിസ്ഥാപിക്കുക, കുടുതൽ പദ്ധതികൾ ചെറിയതുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കുക, നഗര മേഖലയിലെ ചില പദ്ധതികൾ മുൻഗണന നൽകി പൂർത്തീകരിക്കുക, ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുക എന്നിവയിലൂടെ കേരള വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിക്കുന്നതാണ്. |
| (സി) ഭരണതലത്തിൽ എന്തെല്ലാം പരിഷ്കാര നടപടികളാണ് ഇതിനായി കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് സമയബന്ധിതമായി പൂർത്തീകരണത്തിനായി കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ (പ്രോജക്റ്റ്)-ന്റെ കീഴിൽ |

ഓപ്പറേഷൻസ് & മോണിറ്ററിംഗ് വിഭാഗം രൂപീകരിച്ചു. സംസ്ഥാനത്ത് ഒട്ടാകെ കുടിവെള്ള പദ്ധതികൾക്ക് വേണ്ടി സർവ്വേ നടത്തുവാനും പുതിയ പ്രോജക്ട് തയ്യാറാക്കുന്നതിനുമായി വാസ്കോൺ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രോജക്ട് പ്ലാനിംഗ് & ഡവലപ്മെൻറ് (പി.പി.ഡി യൂണിറ്റ്) രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു. കേരള ജല അതോറിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനായി കാലഹരണ പ്പെട്ടുകിടന്നിരുന്ന തസ്തികകളെ മീറ്റർ റീഡർ തസ്തികകളായി പുനർനാമകരണം ചെയ്യുന്നതിനുള്ള പ്രാഥമിക നടപടികൾ എടുത്തുവരുന്നു. പൈപ്പ് ലൈനുകളിലുണ്ടാകുന്ന ചോർച്ചകൾ സമയബന്ധിതമായി പരിഹരിക്കാൻ ബ്ലൂബ്രിഗേഡ് സംവിധാനം ജില്ലാ ആസ്ഥാനങ്ങളിലും പ്രധാന പദ്ധതികളിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ പൈപ്പ് ലൈനുകളിലെ ചോർച്ചയും മറ്റു പരാതികളും സമയബന്ധിതമായി പരിഹരിക്കാൻ 24X7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നു.

Rek

സെക്ഷൻ ഓഫീസർ

JSK/